**Kudumbashree**

*State Poverty Eradication Mission*
Local Self Govt.Department, Govt.of Kerala

3737/എം/2017/കെഎസ്എച്ച്ഒ 06/06/2017

# പരിപത്രം

**വിഷയം: കുടുംബശ്രീ അയൽക്കൂട്ടം, എഡിഎസ്, സിഡിഎസ് പുനർ വിഭജനം- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്**

കേരളത്തിൽ 2015 ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിന് മുന്നോടിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പുനർവിഭജനം നടത്തുകയുണ്ടായി. കേരളത്തിൽ 941 ഗ്രാമപഞ്ചായത്തുകളും 87 മുൻസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളുമാണ് നിലവിലുള്ളത്.

തദ്ദേശസ്വയംഭരണ പുനർവിഭജനത്തിന്റെ ഭാഗമായി കേരളത്തിലെ 27 പഞ്ചായത്തുകൾ നഗരസഭയായി മാറിയിട്ടുണ്ട്. 10 പഞ്ചായത്തുകളെ നഗരസഭയുടെയും കോർപ്പറേഷന്റെയും ഭാഗമായി ലയിപ്പിച്ചിട്ടുണ്ട്.

നഗരസഭകളും കോർപ്പറേഷനുകളും പുനർവിഭജനം ചെയ്തപ്പോൾ വാർഡുകളിൽ മാറ്റം വന്നിട്ടുണ്ട്. രണ്ടിൽ കൂടുതൽ ഉള്ള പഞ്ചായത്ത് വാർഡുകൾ കോർപ്പറേഷന്റെ ഒരു ഡിവിഷനുകളായി മാറിയിട്ടുണ്ട്. കൂടാതെ പഞ്ചായത്തുകൾ നഗരസഭയായപ്പോൾ സമീപപ്രദേശത്തെ പല പഞ്ചായത്ത് വാർഡുകളും പുനർ വിഭജനം നടത്തിയിട്ടുണ്ട്. ഇതിനാൽ പല പഞ്ചായത്തുകളിലും വാർഡുകൾ കുറയുകയും നഗരസഭകളിൽ വാർഡുകൾ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2018 കുടുംബശ്രീ സംഘടനാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ആവശ്യമായ സ്ഥലങ്ങളിൽ കുടുംബശ്രീ സിഡിഎസ്സുകളും, അയൽക്കൂട്ടങ്ങളും പുനർവിഭജനം നടത്തേണ്ടതാണ്.

**പുനർ വിഭജന പ്രവർത്തനങ്ങൾ**

- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും (ആവശ്യമായ സ്ഥലങ്ങളിൽ) നിലവിലുള്ള വാർഡിന് ആനുപാതികമായി എഡിഎസ് പുനർവിഭജനം നടത്തേണ്ടതാണ്.
- ബൈലോ അനുബന്ധം 7.2.2 പ്രകാരം ഒന്നിലധികം വാർഡിലുള്ളവർ ഒരു അയൽക്കൂട്ടത്തിൽ അംഗമാണെങ്കിൽ അംഗസംഖ്യ കൂടുതൽ ഉള്ള വാർഡിൽ എഡിഎസ്സിൽ അംഗത്വമെടുക്കേണ്ടതാണ്.
- നഗരസഭ സിഡിഎസ്സുകളുടെ ഭാഗമായി പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത സിഡിഎസ്സുകൾ ഉള്ള സ്ഥലങ്ങളിൽ ബൈലോ അനുബന്ധം 11.3.1 പ്രകാരം എഡിഎസ്സുകളുടെ എണ്ണത്തിന് അനുസരിച്ച് സിഡിഎസ് രൂപീകരിക്കാവുന്നതാണ്. അതിനായി പ്രത്യേക അംഗീകാരത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനം കത്ത് നൽകേണ്ടതാണ്.

Trida Buildings, Medical College P.O., Thiruvananthapuram-695 011

- ബൈലോ പേജ് നം. 12 മുതൽ 20 വരെ പരിശോധിക്കേണ്ടതാണ്.

മേൽ നടപടികൾ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ 2017 ജൂലൈ 15-ന് മുമ്പ് പൂർത്തീകരിക്കേണ്ടതും, ആയത് സംസഥാന മിഷനിലേയ്ക്ക് രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം മാനേജർമാർക്കും
3. കരുതൽ/അധികം

ഉത്തരവിൻ പ്രകാരം,

പ്രോഗ്രാം ഓഫീസർ (സംഘടന)